കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനങ്ങൾ

46(2298) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ ഉല്പന്നങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓട്ടോമാറ്റിക് കയർ സ്പിന്നിംഗ് മെഷീനുകൾ, ഡീഫൈബറിംഗ് മില്ലുകൾ എന്നിവയുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ രംഗത്ത് സർക്കാർ സ്ഥാപനമായ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്തൊക്കെ സേവനങ്ങളാണ് നൽകുന്നത് ;

(സി) ഈ രംഗത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി സഹകരണ മേഖലയിൽ എന്തൊക്കെ പുതിയ സംരംഭങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് ഒരു കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) 1. സംസ്ഥാന സർക്കാരിന്റെ കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഷിഫ്റ്റിൽ 3000-4000 തൊണ്ട് തല്ലാവുന്ന 10 എച്ച്.പി. കപ്പാസിറ്റിയുള്ള മിനി ഡീഫൈബറിംഗ് മെഷീനുകൾ വികസിപ്പിച്ചെടുത്തത് കയർ സഹകരണ സംഘങ്ങൾക്കും സ്വകാര്യ സംരംഭകർക്കും നൽകിവരുന്നു. കൂടാതെ എൻ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന എല്ലാതരം കയറും നിർമ്മിക്കാനുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ രൂപകല്പന ചെയ്തുവരുന്നു.

2. നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ നവീകരിക്കുന്നതിനും/ പുനരുദ്ധരിക്കുന്നതിനുമായി പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 15 ലക്ഷം രൂപ സഹകരണമേഖല, കുടുംബശ്രീ, സി.ഡി.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകിവരുന്നു. ഇതിനുപുറമേ സ്വകാര്യ മേഖലയിലുള്ളവർക്ക് പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 10 ലക്ഷം രൂപയും നൽകുന്നു.

3. എൻ.സി.ആർ.എം.ഐ. മിനി ഡീഫൈബറിംഗ് മെഷീനുകൾ വികസിപ്പിച്ച് വാണിജ്യാടിസ്ഥാനത്തിൽ പുറത്തിറക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. പുതിയ തരത്തിലുള്ള മിനി ഡിഫൈബറിംഗ് മെഷീനുകൾ വികസിപ്പിച്ചെടുത്ത് കേരളാ ആട്ടോമൊബൈലിന്റെ സഹായത്തോടെ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യസംരംഭകർക്ക് സബ്സിഡി നിരക്കിലും നൽകിവരുന്നു.

2. വിവിധ ഇനം കയർപിരിക്കാവുന്ന ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(സി) കേന്ദ്ര സഹായപദ്ധതി പ്രകാരം 75 ആട്ടോമാറ്റിക് സിപിന്നിംഗ് മെഷീനുകൾ ഉടൻതന്നെ എൻ.സി.ആർ.എം.ഐ. മുഖാന്തരം 25 സംഘങ്ങൾക്ക് അനുവദിക്കുന്നതാണ്. ഇതിനു പുറമേ 12 വീവിംഗ് മെഷീനുകൾ 6 സഹകരണ സംഘങ്ങൾക്ക് നൽകിക്കഴിഞ്ഞു.

(ഡി) കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിലേക്കായി ചുവടെ വിവരിക്കുന്ന നടപടികൾ ഇതിനകം സ്വീകരിച്ചുകഴിഞ്ഞു.

1. ഫാക്ടറിയുടെ പ്രവർത്തനത്തിനു മേൽനോട്ടം വഹിക്കുന്നതിനായി കയർ വികസന അഡീഷണൽ ഡയറക്ടറെ സ്പെഷ്യൽ ആഫീസറായി നിയമിച്ചു.

2. ഫാക്ടറിയുടെ ഭരണ വിഭാഗം സ്ഥാപിക്കുന്നതിലേക്കായി കയർ ഫെഡിന്റെ ചുങ്കത്തുള്ള സ്ഥലവും, ഫാക്ടറി സ്ഥാപിക്കുന്നതിലേക്കായി ആലപ്പി മാറ്റ്സ് & മാറ്റിംഗ്സിന്റെ സ്ഥലവും ലഭിച്ചിട്ടുണ്ട്..

3. നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല 'KITCO-യെ ഏൽപ്പിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആദ്യഘട്ടം 2011 മാർച്ച് അവസാനം കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

4. ഫാക്ടറിക്കാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

5. ആകെ 1934.67364 ലക്ഷം രൂപയാണ് അങ്കൽ പ്രതീക്ഷിക്കുന്നത്.

ദേശീയ കയർ ഗവേഷണ വികസന ഇൻസ്റ്റിറ്റ്യൂട്ട്

47 (2299) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വ്യവസായ വികസനത്തിനും ഗവേഷണത്തിനുമായി തിരുവനന്തപുരത്ത് സ്ഥാപിച്ച ദേശീയ കയർ ഗവേഷണ വികസന ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly